കേരളത്തിന് അനുവദിച്ചിട്ടുള്ള ഡീസലിന്റേയും പെട്രോളിന്റേയും അളവ്

38 [2060] ശ്രീ. എ. എം. പരമൻ:
,, സത്യൻ മൊകേരി:
,, കാനം രാജേന്ദ്രൻ:
,, എൻ. ശിവൻ പിള്ള:

ശ്രീമതി റോസമ്മ പുന്നൂസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനു മുൻപ് കേരളത്തിന് പ്രതിമാസം അനുവദിച്ചിരുന്ന ഡീസലിന്റേയും പെട്രോളിന്റേയും അളവ് എത്രയായിരുന്നു;

(ബി) ഇപ്പോൾ സംസ്ഥാനത്തിന് പ്രതിമാസം നൽകുന്ന ഡീസലിന്റേയും പെട്രോളിന്റേയും അളവ് എത്ര;

(സി) സംസ്ഥാനത്തിന് മതിയായ തോതിൽ പെട്രോളും ഡീസലും ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പെട്രോളിന്റേയും ഡീസലിന്റേയും വിതരണത്തിൽ അലോട്ട്മെന്റ് സമ്പ്രദായം നിലവിലില്ല. നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനു മുൻപ് 1989-90 വർഷത്തെ സംസ്ഥാന ശരാശരി വിൽപ്പന പെട്രോൾ 18,000 കി. ലിറ്ററും ഡീസൽ പ്രതിമാസം 72,000 കിലോ ലിറ്ററും എന്ന കണക്കിൽ ആയിരുന്നു.

(ബി) കഴിഞ്ഞ വർഷം അതാതു മാസങ്ങളിൽ വിതരണം ചെയ്ത അളവിന്റെ 104 ശതമാനം എന്ന നിരക്കിൽ ഇപ്പോൾ പ്രതിമാസം പെട്രോൾ കോട്ട അനുവദിക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞവർഷം അതാതു മാസങ്ങളിൽ വിതരണം ചെയ്ത അതേ അളവിൽ തന്നെയാണ് ഇപ്പോഴും ഡീസൽ കോട്ട അനുവദിക്കുന്നത്.

(സി) ഡീസലിന്റെ കോട്ട കൂട്ടിത്തരുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് താൽക്കാലികമായി സ്പെഷ്യൽ കോട്ട അനുവദിച്ചിട്ടുണ്ട്.

കുക്കിംഗ് ഗ്യാസ് വിതരണം

39 [2061] ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസിന്റെ കീഴിൽ ആകെ എത്ര ഗോഡൗൺ പെട്രോളിയം ഗ്യാസ് ഏജൻസികൾ ഉണ്ട്;

(ബി) കായംകുളത്തെ ഗ്യാസ് ഏജൻസി ആഫീസിൽ ആകെ എത്ര കൺസ്യൂമേഴ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കൂടുതൽ കൺസ്യൂമേഴ്സിന് ഗ്യാസ് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ രണ്ടെണ്ണം ഉണ്ട്.

(ബി) 4890 കൺസ്യൂമേഴ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പുതിയ കണക്ഷൻ നല്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണ്. ഇത് ലഭിച്ചിട്ടില്ല.

മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ നടപടി

40 [2062] [ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒരു സ്വയംഭരണ സ്ഥാപനത്തിന് ഒന്ന് എന്ന നിലയിൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) ഇനി എത്ര മാവേലി സ്റ്റോറുകൾകൂടി പ്രവർത്തിച്ചു തുടങ്ങിയാൽ മേൽപ്പറഞ്ഞ തരത്തിൽ ഒരു സ്വയംഭരണ സ്ഥാപനത്തിന് ഒന്ന് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) അതിനു വേണ്ടിവരുന്ന ചെലവ് എത്ര?

ഉത്തരം

(എ) പഞ്ചായത്തടിസ്ഥാനത്തിലോ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിലോ അല്ല മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നത്. ഒരു ബ്ലോക്കിൽ രണ്ടു മാവേലി സ്റ്റോറുകൾ എന്ന ലക്ഷ്യം പൂർത്തീകരിച്ചു കഴിഞ്ഞാൽ ഒരു നിയോജകമണ്ഡലത്തിൽ മൂന്ന് മാവേലി സ്റ്റോറുകൾ ആരംഭിക്കുകയെന്നുള്ളതാണ് സർക്കാർ നയം. ആയതിനാൽ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മാവേലി സ്റ്റോറുകൾ തുടങ്ങാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി, സി) മുകളിലത്തെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മൊബൈൽ മാവേലി സ്റ്റോർ വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്യാൻ നടപടി

41 [2063] [ശ്രീ. ടി. നാണുമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മൊബൈൽ മാവേലി സ്റ്റോർ വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ജില്ലയിലെ വട്ടിയൂർക്കാവ്, വെള്ളൈക്കടവ് റൂട്ടിൽ മൂന്നാംമൂട് ജംഗ്ഷനിൽ മൊബൈൽ മാവേലി സ്റ്റോർ വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly